ഓൺലൈൻ മരുന്ന് വ്യാപാരം

103 (2312) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകൃത ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ മരുന്നുവിതരണം നടക്കുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) മരുന്നുവിതരണം ഓൺലൈനായി നടക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തിലുള്ള ഓൺലൈൻ മരുന്നുവ്യാപാരം ആരോഗ്യ രംഗത്തെ തകർക്കുന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഓൺലൈൻവഴി മരുന്നുവിതരണം തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഡോക്ടറുടെ കുറിപ്പടിയിൻമേൽമാത്രം വില്പന നടത്തേണ്ടുന്ന മരുന്നുകൾ അംഗീകൃത ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ വില്പന നടത്തുന്നതായി ശ്രദ്ധയിൽ പെട്ടവർക്കെതിരെ വകുപ്പുതല നടപടിയായി ലൈസൻസ് താൽക്കാലികമായി നിശ്ചിതകാലയളവിലേയ്ക്ക് റദ്ദ് ചെയ്യുകയും തുടർന്നും മേൽ പ്രസ്താവിച്ച രീതിയിലുള്ള വിപണനം കണ്ടെത്തുന്നപക്ഷം ലൈസൻസ് സ്ഥിരമായി റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മരുന്നുവിതരണം ഓൺലൈനായി നടക്കുന്നുണ്ടെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ നടത്തിയ കൂടുതൽ അന്വേഷണത്തിൽനിന്നും ഓൺലൈൻ വിപണനം ചെയ്യുന്ന സൈറ്റുകൾ എല്ലാം യു.എസ്., കാനഡ എന്നീ രാജ്യങ്ങൾക്കാണ് ഓൺലൈൻ പേയ്മെന്റ് ആകീവായിക്കാണപ്പെടുന്നത്. പ്രസ്തുത സൈറ്റുകൾ ഒന്നും നമുക്ക് പ്രാപ്യമായിട്ട് കാണപ്പെടുന്നില്ല.

(സി) ഓൺലൈൻ മരുന്നുവ്യാപാരം സമൂഹത്തിന്റെ ആരോഗ്യ അവസ്ഥയ്ക്കെതിരെയുള്ള ഒരു വെല്ലുവിളി തന്നെയാണെന്നത് നിസംശയമായ വസ്തുതയാണ്. ഓൺലൈൻ മരുന്നുവ്യാപാരംവഴി വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽമാത്രം കഴിയേണ്ടുന്ന മരുന്നുകൾ അശാസ്ത്രീയമായി ഉപയോഗിക്കുന്നതിലേയ്ക്കായി പൊതു ജനങ്ങളെ പ്രേരിപ്പിക്കുന്ന സാഹചര്യത്തിലേയ്ക്ക് വഴിതെളിച്ചേക്കാം.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓൺലൈൻവഴി മരുന്നുവിതരണം ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് തടയുന്നതിലേയ്ക്കായി വകുപ്പ് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ ഹോമിയോ ഡിസ്പെൻസറികൾ

104 (2313) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷം പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിനായി മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ലഭ്യമാക്കുമോ ;

(ഡി) പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ എൻ.ആർ.എച്ച്.എം. മുഖേന ഹോമിയോ ഡിസ്പെൻസറി അനുവദിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളുടെ പേര് വിവരപട്ടിക ഇതോടൊപ്പം അനുബന്ധമായി നൽകുന്നു.*

(ബി - ഡി) തൽക്കാലം പരിഗണനയിലില്ല.

മലബാർ ദേവസ്വം ബോർഡിനുകീഴിൽ ജീവനക്കാർക്ക് ശമ്പളം

105 (2314) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ഒരു വിഭാഗം ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ ശാശ്വത പരിഹാരമുണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly